(സി) പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിൻകീഴിൽ അനുവദിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാങ്കേതികാനുമതിക്കും ടെണ്ടർ നടപടികൾക്കുമുള്ള കാലതാമസമേ ഉണ്ടായിട്ടുള്ളൂ. പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിൻ കീഴിൽ അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ചെങ്കിലും മഴ കാരണവും എസ്റ്റിമേറ്റിൽ ഭേദഗതി വരുത്തേണ്ടതിനാലും യഥാസമയം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

(ഡി) തലശ്ശേരി നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ അനുമതി നൽകിയിട്ടുള്ള രണ്ട് പ്രവൃത്തി കളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (റോഡ്സ് ആന്റ് ബ്രിഡ്ജസ്)-നും മൂന്ന് പ്രവൃത്തികളുടെ നിർവ്വഹണ ചുമതല പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പുകൾക്കുമാണ്. പൊതുമരാമത്ത് (ബിൽഡിംഗ്സ്) വകുപ്പിന് കീഴിലുള്ള പ്രവർത്തികൾ 2015 മാർച്ചിനുള്ളിലും പൊതുമരാമത്ത് (റോഡ്സ് & ബ്രിഡ്ജസ്) വകുപ്പിന് കീഴിലുള്ളവ 2015 മേയ് മാസത്തിനുള്ളിലും പൂർത്തീകരിക്കുവാൻ കഴിയും.

ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

111 (2349) ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആസ്തി വികസന ഫണ്ടിൽ നിന്നും നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയതെന്നും, പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ള തുകയും പേരും ഇനം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

പുതിയ പെൻഷൻ പദ്ധതി

112 (T2350) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-2013 മുതൽ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് പുതിയ പെൻഷൻ പദ്ധതി ബാധകമാക്കികൊണ്ട് 16-3-2013-ൽ ഇറക്കിയ ഉത്തരവനുസരിച്ച് 2014 ഒക്ടോബർ മാസം വരെ എത്രപേർ ഈ പെൻഷൻ പരിധിയിൽ വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഭാഗമായി പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഏതെല്ലാം ഏജൻസികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ; കേരള ഗവൺമെന്റ് ട്രഷറിയെ ഉൾപ്പെടുത്തുന്നതിൽ നിന്നും പിൻവാങ്ങാനുള്ള കാരണം വിവരിക്കാമോ ;

(സി) 1-4-2013 മുതലുള്ള ഓരോ മാസവും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സർക്കാർ നിക്ഷേപിക്കുന്ന തുകയെത്രയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2014 ഒക്ടോബർ മാസം വരെ 12,783 ജീവനക്കാർ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് PRAN (പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ) കരസ്ഥമാക്കിയിട്ടുണ്ട്.

(ബി) 6-2-2014-ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക അനുസരിച്ച് ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ഭാരത സർക്കാർ/ PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി) PFMs (പെൻഷൻ ഫണ്ട് മാനേജേഴ്സ്)-നെ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തു നിന്നുള്ള പെൻഷൻ ഫണ്ട് PFRDA സർക്കാർ മേഖലയിൽ അംഗീകരിച്ചിട്ടുള്ള മൂന്ന് PFMs ആയ എസ്.ബി.ഐ. പെൻഷൻ ഫണ്ട്സ് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള അനുപാതത്തിൽ അംഗീകൃത ഇൻവെസ്റ്റ്മെന്റ് പാറ്റേണിൽ നിക്ഷേപിക്കുന്നതിലേക്കായി കൈമാറി വരുന്നത്.

14-8-2008-ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ നോട്ടിഫിക്കേഷൻ എഫ് നമ്പർ 5(88)/2006-പി.ആർ. അനുസരിച്ച് ദേശീയ പെൻഷൻ പദ്ധതിയുടെ ഭാഗമായിട്ടുള്ള പെൻഷൻ ഫണ്ട് നിക്ഷേപിക്കുന്നതിനായുള്ള ഇൻവെസ്റ്റ്മെന്റ് പാറ്റേണിൽ ഗവൺമെന്റ് സെക്യൂരിറ്റികൾ, ഡെബ്റ്റ് സെക്യൂരിറ്റികൾ, ടേം ഡിപ്പോസിറ്റുകൾ, റൂപ്പി ബോണ്ടുകൾ, മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകൾ, കമ്പനി ഷെയറുകൾ എന്നീ വിഭാഗങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പബ്ലിക് ലോൺ ശേഖരിക്കുന്നതിനുവേണ്ടി മാത്രമേ ഗവൺമെന്റ് സെക്യൂരിറ്റി പുറപ്പെടുവിക്കാവൂ എന്ന് നിയമപ്രകാരമുള്ള നിബന്ധനയുള്ളതും കേന്ദ്ര ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ള പെൻഷൻ ഫണ്ട് നിക്ഷേപ വിഭാഗങ്ങൾക്ക് പുറമേ പുതിയ വിഭാഗങ്ങളെ സ്വേച്ഛാപരമായി ഉൾപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതും നിലവിലെ നിക്ഷേപക്രമങ്ങളിൽ തന്നെ, പെൻഷൻ നിക്ഷേപങ്ങൾ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും ട്രഷറികളിൽ നിക്ഷേപം സ്വീകരിക്കുന്നതുമൂലം സംസ്ഥാന ഗവൺമെന്റിന് ഉണ്ണ ബാദ്ധ്യത നേരിടേണ്ടി വരുമെന്നതിനാലും ദേശീയ പെൻഷൻ പദ്ധതി ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരള ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

(സി) ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം 2014 ഫെബ്രുവരി മാസം മുതലാണ് ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സർക്കാർ വിഹിതമായി 2014 മാർച്ച് 31 വരെ 1.21 ലക്ഷവും ഏപ്രിലിൽ 14.95 ലക്ഷവും മേയ് മാസത്തിൽ 57.34 ലക്ഷവും ജൂണിൽ 90 ലക്ഷവും ജൂലൈയിൽ 1.24 കോടിയും ആഗസ്റ്റിൽ 1.355 കോടിയും സെപ്റ്റംബറിൽ 1.44 കോടിയും ഒക്ടോബറിൽ 1.725 കോടിയും കൈമാറിയിട്ടുണ്ട്. 2013 ഏപ്രിൽ മുതലുള്ള കുടിശ്ശിക തുക (ജീവനക്കാരന്റെ വിഹിതം സഹിതം) ഒടുക്കുന്നതിനുള്ള നടപടിക്രമം സർക്കാർ രൂപീകരിച്ചു വരികയാണ്.

പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി

113 (2351) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്ക് എത്ര കോടി രൂപയുടെ ബാദ്ധ്യതയാണ് കൊടുത്ത് തീർക്കാനുള്ളത്. വിശദമാക്കാമോ ;

(സി) കരാറുകാരുടെ ഏത് മാസം വരെയുള്ള ബില്ലുകളാണ് ഇതുവരെ പാസ്സാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) MLA-മാരുടെ മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾപോലും ഏറ്റെടുത്ത് നടത്തുവാൻ കരാറുകാർ താൽപ്പര്യം കാണിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;